150 YEARS OF CELEBRATING THE MAHATMA

**<u>മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :– നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കോഴിക്കോട് ജില്ല - കുന്ദമംഗലം ഗ്രാമപഞ്ചായത്ത് - കുന്ദമംഗലം വില്ലേജ് -പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം - ലേ-ഔട്ട് അംഗീകരം നൽകി ഉത്തരവാകുന്നു.

പരാമർശം:– 1) കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/01/2019–**ലെ** A3/8913/18 നമ്പർ കത്ത്

2) കോഴിക്കോട് ടൗൺ പ്ലാനറുടെ 18/01/2019–ലെ **C**1/4002/**18** നമ്പർ കത്ത്.

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP/288/19–D.** തീയതി **: 14/03/2019**

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുന്ദമംഗലം വില്ലേജിൽ റീസർവ്വേ നമ്പർ **95/67 (പഴയ റീ. സ. 95/2)**–ൽ പ്പെട്ട പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. പി. പത്മനാഭൻ–ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥനത്തിൽ കെ.പി.ബി.ആർ–2011–നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ–ഔട്ടിനും, സ്ഥലത്തിന്റെ ഉപയേഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി നൽകുവാൻ പാടുള്ളു.
2. **KPBR–2011**–ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011–നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര–ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ

പ്രവർത്തനങ്ങൾ **2008**-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. **KPBR 2011 - 61(6)** പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടേയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ അംഗീകാരം ലഭ്യമാക്കിയിരിക്കണം.
8. **KPBR 2011 - 61(7)** പ്രകാരം **fire protection measures** നൽകിയിരിക്കണം.
9. **KPBR 2011 - 61(9)** പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. **KPBR 2011 - 61(10)** പ്രകാരം പെട്രോൾ ടാങ്കിന്റേയും വെന്റ് പൈപ്പിന്റേയും സ്ഥാനവും, നിർമ്മാണവും 1976-ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
11. **KPBR 2011 - 61(16), 61(17)** പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും, മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ പ്ലാനിൽ കാണിച്ചിരിക്കുന്നത് സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
12. പ്രസ്തുത പ്ലോട്ടിന് പടിഞ്ഞാറ് വശത്തു നിന്നും ഒരു റോഡ് മെയിൻ റോഡിലേയ്ക്ക് പ്രവേശിക്കുന്നതായി കാണുന്നു. ഇതിലൂടെ വരുന്ന വാഹനങ്ങൾക്ക് **sight distance** ലഭ്യമാകുന്ന വിധത്തിൽ പെട്രോൾ പമ്പിന് ആ വശത്തെ **compound wall** നിർമാണം ക്രമീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 16/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മുഖ്യനഗരാസൂത്രകന്റെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി.ആർ.
നഗരാസൂത്രക

സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) പി. പത്മനാഭൻ, വിപഞ്ചിക, ചിന്മയാമിഷൻ സ്കൂൾ റോഡ്, തൊണ്ടയാട്, നെല്ലിക്കോട്.പി.ഒ., കോഴിക്കോട്.
2) ടൗൺ പ്ലാനർ, ~~കാസറഗോഡ്~~. കോഴിക്കോട്
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.